No.CEE/1133/5LLB-2021/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ത്രിവത്സരഎൽഎൽ.ബി/ഇന്റഗ്രേറ്റഡ് പഞ്ചവത്സരഎൽഎൽ.ബി/കെ.മാറ്റ്/എൽ.എൽ.എംകോഴ്സുകളുടെ ഓൺലൈൻ പ്രവേശന പരീക്ഷ–2021

2021–22 അധ്യയനവർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി /ത്രിവത്സര എൽഎൽ.ബി/ എൽ.എൽ.എം / എം.ബി.എ(കെ.മാറ്റ്) എന്നീകോഴ്സുകളുടെ പ്രവേശന പരീക്ഷകൾ യഥാക്രമം ആഗസ്റ്റ്11, 12, 13 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച എല്ലാ വിദ്യാർത്ഥികളും അവര വരുടെ**'Candidate portal' ൽ** ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്.

## പ്രവേശന പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

- **പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.inഎന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുത്തിട്ടുള്ള അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ചിരിക്കുന്ന സമയത്ത് അഡ്മിറ്റ് കാർഡുമായി പരീക്ഷാ ദിവസം വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്ര ത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്**
- **റിപ്പോർട്ടിംഗ് അവസാനിച്ചു കഴിഞ്ഞാൽ കംപ്യൂട്ടർ അധിഷ്ഠിത പരീക്ഷാ രീതി പരിചയ പെടുന്നതിനായി 'Mock Test' നടത്തുന്നതായിരിക്കും.**
- **തുടർന്ന് കംപ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ നടക്കും. ത്രിവത്സര/പഞ്ചവത്സര എൽ.എൽ.ബി/എൽ.എൽ.എം പരീക്ഷകൾക്ക് രണ്ട് മണിക്കൂർ ദൈർഘ്യവും കെ.മാറ്റ് പരീക്ഷയ്ക്ക് മൂന്ന്മണിക്കൂർ ദൈർഘ്യവുമാണ് അനുവദിച്ചിരിക്കുന്നത്.**
- **ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയ്ക്ക് ത്രിവത്സര/പഞ്ചവത്സര എൽഎൽ.ബി പരീക്ഷയ്ക്ക്200 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും കെ.മാറ്റ് പരീക്ഷയ്ക്ക് 180 മൾട്ടി പ്പിൾ ചോയ്സ് ചോദ്യങ്ങളും ഉണ്ടാകും.**
- **കമ്പ്യൂട്ടറിൽ ലോഗിൻ ചെയ്യുന്നതിനായി റിപ്പോർട്ടിംഗ് പോയിന്റിൽ നിന്നും വിതരണം ചെയ്യുന്ന 'Access card' ൽ വിദ്യാർത്ഥികളുടെ സീറ്റ് നമ്പർ, യൂസർ നെയിം, പാസ്‌വേഡ്എന്നിവ അടങ്ങിയിരിക്കും.**
- **പരീക്ഷയ്ക്കെത്തുന്ന വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ(ആ ധാർ/വോട്ടർ ഐഡി/ഡ്രൈവിഗ് ലൈസൻസ്/പാൻ കാർഡ് എന്നിവയിലേതെങ്കിലും) കൊണ്ടുവരേണ്ടതാണ്.**
- **കാൽക്കുലേറ്റർ, മൊബൈൽ ഫോൺ, സ്മാർട്ട് വാച്ച് തുടങ്ങിയ ഇലക്ട്രോണിക്ക് ഉപ കരണങ്ങൾ കൈവശം വയ്ക്കാൻ പാടില്ല. പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്തു കഴിഞ്ഞാൽ പ്രവേശന പരീക്ഷ അവസാനിക്കുന്നതിന് മുമ്പ് വിദ്യാർത്ഥികളെ പുറത്തു പോകാൻ അനുവദിക്കുന്നതല്ല.**
- **കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡ ങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പ്രവേശന പരീക്ഷാ നടത്തിപ്പിലും ബാധകമായി രിക്കും. ഓൺലൈൻ പരീക്ഷ അഭിമുഖീകരിക്കുന്ന എല്ലാവിദ്യാർത്ഥികളും/രക്ഷിതാ ക്കളും സർക്കാർ, ആരോഗ്യവകുപ്പ് സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ട താണ്.**

- പരീക്ഷാകേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾ സാമൂഹികഅകലം പാലിക്കേണ്ടതും, മാസ്ക് ധരിക്കേണ്ടതും, കൂടാതെ സ്കൂളുകളിൽ ലഭ്യമായ തെർമൽ സ്കാനിംഗിന് നിർബന്ധമായും വിധേയമാകേണ്ടതുമാണ്. കൈകൾസോപ്പ് /സാനിറ്റൈസർ എന്നിവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിരിക്കണം.
- രക്ഷിതാക്കൾ ഓൺലൈൻ പരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളതല്ല. വിദ്യാർത്ഥികളെ പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചതിനുശേഷം ഉടനെ തന്നെ രക്ഷാകർത്താക്കൾ പരീക്ഷാ കേന്ദ്രത്തിന്റെ പരിസരത്തു നിന്നും മാറേണ്ടതാണ്.
- യാതൊരു കാരണവശാലും സ്കൂൾ പരിസരത്ത് കൂട്ടം കൂടുവാനോ ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ വാഹനം പാർക്ക് ചെയ്യുവാനോ പാടുള്ളതല്ല. ഇത് വളരെ കർശനമായി പാലിക്കേണ്ടതാണ്. സാമൂഹ്യ അകലം പാലിക്കാതെ കൂട്ടം കൂടി നിൽക്കുന്നത് ശിക്ഷാർഹമാണ്.
- ഒരുകവാടത്തിലൂടെ മാത്രമേ പരീക്ഷാകേന്ദ്രത്തിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. ഇവർ പരീക്ഷാപൂർത്തിയാക്കി തിരികെ പോകുമ്പോഴും അധികൃതരുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- വിദ്യാർത്ഥികൾ അവശ്യം വേണ്ടസാമഗ്രികൾ (പേന, പെൻസിൽ, വെള്ളം) എന്നിവ കൈയ്യിൽ കരുതേണ്ടതും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- വിദ്യാർത്ഥികൾ ബാഗുകളും മറ്റ് സാധനങ്ങളും പരീക്ഷാ ഹാളിനു പുറത്ത് കൂട്ടമായി വയ്ക്കാതെ അതിനായി നിർദ്ദേശിക്കുന്ന പ്രത്യേകം സ്ഥലത്ത് സുരക്ഷിതമായി വയ്ക്കേണ്ടതാണ്.
- ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളു. പരീക്ഷാഹാളിൽ സാമൂഹികഅകലം പാലിക്കേണ്ടതും ഹാളിന്റെമറ്റ് ഭാഗങ്ങളിലേയ്ക്ക് സഞ്ചരിക്കാൻ പാടില്ലാത്തതുമാണ്.
- ഓരോ പരീക്ഷാ കേന്ദ്രത്തിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഫോൺ നമ്പർ അവരവരുടെ അഡ്മിറ്റ് കാർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് കോവിഡുമായി ബന്ധപ്പെട്ട് അടിയന്തിര സാഹചര്യങ്ങളിൽ ഈ ഉദ്യോഗസ്ഥനെ വിളിക്കാവുന്നതാണ്.
- വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അഡ്മിറ്റ്കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തുതന്നെ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. പരീക്ഷ കേന്ദ്രത്തിൽ സമയത്തിന് വളരെ മുമ്പ് ഹാജരാകുകയോകൂട്ടം കൂടി നിൽക്കാനുള്ള സാഹചര്യം ഉണ്ടാകാനോ പാടുള്ളതല്ല. കോവിഡ് പോസിറ്റീവായവരും, ക്വാറന്റെയിനിലുള്ളവരും, കോവിഡ് രോഗലക്ഷണങ്ങളുള്ളവരും പരീക്ഷയുടെ തലേ ദിവസം തന്നെ അഡ്മിറ്റ് കാർഡിൽ നൽകിയിരിക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് വിവരം അറിയിക്കേണ്ടതും അദ്ദേഹം നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.
- കോവിഡ് പോസിറ്റീവായവർ, ക്വാറന്റൈനിൽ ഉള്ള വിദ്യാർത്ഥികൾ, രോഗ ലക്ഷണമുള്ളവിദ്യാർത്ഥികൾ എന്നിവർ നിശ്ചിതസമയത്ത് സ്വന്തമായി ഏർപ്പാട് ചെയ്തിട്ടുള്ള വാഹനത്തിൽ മാത്രം പരീക്ഷാകേന്ദ്രത്തിൽ എത്തേണ്ടതും, ഇവരും രക്ഷിതാക്കളും മറ്റുള്ളവരിൽ നിന്ന്അകലം പാലിക്കുകയും, പരീക്ഷാകേന്ദ്രത്തിലെ ബന്ധപ്പെട്ട അധികാരികൾക്ക് മുൻകൂർ അറിയിപ്പ് നൽകുകയും ചെയ്യേണ്ടതുമാണ്.

- കോവിഡ് പോസിറ്റീവായവർ, ക്വാറന്റൈനിൽ നിന്നുള്ള വിദ്യാർത്ഥികളും, രോഗ ലക്ഷണമുള്ള വിദ്യാർത്ഥികളും അവർക്ക് അനുവദിച്ചിരിക്കുന്ന മുറിയിൽ കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി പരീക്ഷ അഭിമുഖീകരിക്കേണ്ടതാണ്. കോവിഡ്-19 മാർഗ നിർദ്ദേശങ്ങൾക്കൊപ്പം പൊതുനിർദ്ദേശങ്ങളും ഇവർ പാലിക്കേണ്ടതാണ്.
- ഉപയോഗശേഷമുള്ള മാസ്ക്, കൈയുറകൾ എന്നിവ വലിച്ചെറിയാതെ അതിനായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ നിക്ഷേപിക്കേണ്ടതാണ്. പരീക്ഷാകേന്ദ്രത്തിലേക്ക് പുറപ്പെടുന്ന മുതലുള്ള സമയദൈർഘ്യമനുസരിച്ച് ഒന്നിലധികം മാസ്ക് വേണ്ടവർ കൈയിൽകരുതേണ്ടതാണ്.
- പ്രവേശന പരീക്ഷ കഴിഞ്ഞ് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും പുറത്തേക്ക് വരുന്ന വിദ്യാർത്ഥികളെ പ്രവേശന കവാടത്തിൽ നിന്നും മാറി തിരക്കു കുറഞ്ഞ സുരക്ഷിതമായ ഒരു സ്ഥലത്ത് നിന്നും കൂട്ടികൊണ്ട് പോകേണ്ടതാണ്.
- പരീക്ഷാ സംബന്ധമായ മാർഗ നിർദ്ദശേങ്ങൾ വെബ് സൈറ്റിലുള്ളത് ശ്രദ്ധിക്കുക.

ഹെൽപ്പ് ലൈൻ നം: 0471 2525300

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

**തിരുവനന്തപുരം**

04.08.2021